**No. PL 2/2020** **17-12-2020**

## സർക്കുലർ

ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, പ്രിയ വിശ്വാസികളെ,

നമ്മുടെ വിശ്വാസത്തിൻറെ മർമ്മം ആയ ദൈവത്തിൻറെ മനുഷ്യാവതാര പെരുന്നാൾ ആഘോഷിക്കുവാനുള്ള ആത്മീയവും സഭാത്മകവുമായ തയ്യാറെടുപ്പിൽ ആണല്ലോ നാം ഏവരും. ഇന്ന് ലോകം മുഴുവനെയും ഗ്രസിച്ചിരിക്കുന്ന പകർച്ചവ്യാധിയുടെയും അത് സംജാതമാക്കിയ നിയന്ത്രണങ്ങളുടെയും മധ്യ ആണെങ്കിൽ പോലും ഈ പെരുന്നാൾ സംഗതമായ ഒരു ആത്മീയ ആഘോഷമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. ഈ മാസം പതിനാറാം തീയതി വത്തിക്കാനിൽ ജനറൽ ഓഡിയൻസ് മധ്യേ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം പരാമർശിക്കുകയുണ്ടായി; 'നാമിന്ന് അനുഭവിക്കുന്ന നിയന്ത്രണങ്ങളെക്കാൾ എത്രയോ രൂക്ഷമായ പ്രയാസങ്ങളിലൂടെയും പരിമിതികളിലൂടെയും ആണ് ആദ്യ ക്രിസ്മസ് വേളയിൽ പരിശുദ്ധ അമ്മയും യൗസേപ്പ് പിതാവും കടന്നുപോയത്. അവർക്ക് താങ്ങായ വിശ്വാസവും സ്നേഹവും പ്രത്യാശയും തന്നെയാണ് നമ്മുടെയും പരിച.' ദൈവത്തിൻറെ അനന്തമായ, രക്ഷാകരമായ സ്നേഹം അവതീർണ്ണമായതാണല്ലോ ക്രിസ്തുമസ്. ഈ സ്നേഹമാണ് അതിൻറെ എല്ലാ അർഥതലങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് സവിശേഷമായ രീതിയിൽ ക്രിസ്മസ് ദിനങ്ങളിൽ നാം പ്രഘോഷിക്കുന്നതും സാക്ഷിക്കുന്നതും. സ്വയം ചെറുതാകുന്ന, അപരനെ വലുതാക്കുന്ന ഈ സ്നേഹത്തിൻറെ തീവ്രമായ അനുഭവവും പങ്കുവയ്ക്കലും ഞാൻ ഏവർക്കും ആശംസിക്കുന്നു.

നാം കുറേയേറെ നാളുകളായി നമ്മുടെ ഭദ്രാസന ദേവാലയത്തിൻറെ നിർമ്മിതിയിൽ ഉൾചേർന്നിരിക്കുകയായിരുന്നല്ലോ. 2017 ഓഗസ്റ്റ് മാസം അഞ്ചാം തീയതി പാറശാല ഭദ്രാസനം നിലവിൽ വന്നപ്പോൾ, പാറശാല കോട്ടവിള സെൻറ് മേരീസ് ദേവാലയമാണ് നമ്മുടെ ഭദ്രാസന ദേവാലയമായി നിജപ്പെടുത്തിയത്. ഭദ്രാസന ദേവാലയം എന്ന പദവി ലഭിച്ചതോടുകൂടി അവിടെ നിർമ്മാണത്തിൽ ആയിരുന്ന ദേവാലയത്തിൽ ആവശ്യമായ മാറ്റങ്ങളും സൗകര്യങ്ങളും ക്രമീകരിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നാം കൂടുതൽ ഊർജിതമാക്കി. ഭദ്രാസന ശുശ്രൂഷകളുടെ പ്രാരംഭ പരിമിതികളിൽ കൂടെയാണ് നാം കടന്നു പോകുന്നതെങ്കിലും, നമ്മുടെ ഭദ്രാസനത്തിൻറെ മുഴുവൻ സ്വപ്നമായ ഈ ദേവാലയ നിർമാണം, ദൈവത്തിൻറെ അനന്തമായ പരിപാലനയിൽ, ഏതാണ്ട് പൂർത്തിയാക്കുവാൻ നമുക്ക് സാധിച്ചു. ഇത്തരുണത്തിൽ ഭദ്രാസന ദേവാലയ ഇടവകാംഗങ്ങൾ, ബഹുമാനപ്പെട്ട വികാരിയച്ചൻറെ നേതൃത്വത്തിൽ നടത്തിയ സമർപ്പണങ്ങളെയും, അതിനായി ഏറ്റെടുത്ത ത്യാഗങ്ങളെയും ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. ഈ ദേവാലയ നിർമ്മിതിയെ

പ്രാർത്ഥനകൊണ്ടും ചെറുതും വലുതുമായ സംഭാവനകൾ കൊണ്ടും സഹായിച്ച എല്ലാവരോടുമുള്ള നന്ദിയും ഞാൻ പ്രകാശിപ്പിക്കുന്നു.

ഭദ്രാസന ദേവാലയത്തിൻറെ മൂറോൻ കൂദാശ 2020 ഡിസംബർ 26 ആം തീയതി ഉച്ചയ്ക്കുശേഷം 2. 30 ന് നടത്തപ്പെടുകയാണ്. നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ പ്രധാന കാർമികത്വത്തിലും സഭയിലെ മറ്റു പിതാക്കന്മാരുടെ സഹകാർമികത്വത്തിലും ആണ് ശുശ്രൂഷകൾ നടക്കുക. Covid 19-ൻറെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായാണ് നാം ഈ കൂദാശകർമ്മം നിർവഹിക്കുന്നത്. അതിനാൽ നമ്മുടെ ഭദ്രാസന അംഗങ്ങൾക്ക് പ്രാതിനിധ്യ സ്വഭാവത്തോടുകൂടി മാത്രമേ ഈ ശുശ്രൂഷകളിൽ സംബന്ധിക്കുവാൻ സാധിക്കൂ എന്നത് വ്യസനപൂർവ്വം അറിയിക്കുന്നു. എങ്കിലും, ഭദ്രാസന ദേവാലയത്തിൻറെ പ്രാധാന്യം കണക്കിലെടുത്ത് നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും ഒരു വ്യക്തി നിർബന്ധമായും ഇതിൽ സംബന്ധിക്കണമെന്ന് ഓർമിപ്പിക്കുന്നു. ശേഷമുള്ള ഇടവകാംഗങ്ങൾക്ക് കൂദാശ കർമ്മത്തിന് ശേഷമുള്ള ദിവസങ്ങളിൽ വ്യക്തിപരമായോ ഗ്രൂപ്പുകളായോ വന്ന് ദേവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുവാൻ സാധിക്കുന്നതാണ്.

ഭദ്രാസന ദേവാലയ നിർമ്മിതിയോടുചേർന്ന് ഇടവകക്കായി ഒരു വൈദിക മന്ദിരവും പണിതു പൂർത്തിയാക്കുവാൻ ദൈവം കരുണയായി. വൈദികമന്ദിര കൂദാശാകർമ്മം 2020 ഡിസംബർ 20 ആം തീയതി നിർവഹിക്കുകയാണ്. ഈ രണ്ടു ശുശ്രൂഷകളിലും വന്നു സംബന്ധിക്കുവാൻ സാധിക്കാത്ത നമ്മുടെ ബഹുഭൂരിപക്ഷം വിശ്വാസികളും, നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയാലും സഹായങ്ങളാലും നമ്മുടെ ഈ ശുശ്രൂഷകളെ ശക്തിപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു.

ഏവർക്കും സന്തോഷപ്രദമായ ക്രിസ്തുമസും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരവും ഞാൻ സ്നേഹപൂർവ്വം ആശംസിക്കുന്നു. പരിശുദ്ധ ദൈവമാതാവിൻറെയും വിശുദ്ധ മദർ തെരേസയുടെയും സാന്നിധ്യവും സംരക്ഷണവും നമ്മോടൊപ്പം ആയിരിക്കട്ടെ.

സസ്നേഹം

തോമസ് മാർ യൗസേബിയോസ്
പാറശാല രൂപതാധ്യക്ഷൻ

--------------------------------------------------------------------------------------

ഈ സർക്കുലർ ഡിസംബർ 20 ആം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.